പ്രവർത്തന മൂലധനത്തിനായി 2 വർഷക്കാലയളവിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് 159.43 ലക്ഷം രൂപയും, സംസ്ഥാന ഗവൺമെന്റ് 159.41 ലക്ഷം രൂപയും, ബാക്കി 1222.75 ലക്ഷം രൂപ ബാങ്ക് വായ്പയായും, കമ്പ്യൂട്ടറൈസേഷന് 50 ലക്ഷം രൂപ, വി.ആർ.എസ്. 140 ലക്ഷം രൂപ, ഷോറും നവീകരണത്തിന് 100 ലക്ഷം രൂപ, ഡിസൈൻ ഡവലപ്മെന്റിന് 50 ലക്ഷം രൂപ, ട്രെയിനിംഗിന് 25 ലക്ഷം രൂപ. മൊത്തം 365 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സഹായധനമായി നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്തെ കൈത്തറി യൂണിറ്റുകൾ

25 [2797] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കൈത്തറി യൂണിറ്റുകളുണ്ട്;

(ബി) എത്ര കൈത്തറി യൂണിറ്റുകൾ 31-12-04-ലെ കണക്കു പ്രകാരം ആധുനികവൽക്കരിച്ചിട്ടുണ്ട്;

(സി) എത്ര തൊഴിലാളികൾക്ക് കൈത്തറി ഉല്പാദനത്തിൽ പ്രത്യേകമായി പരിശീലനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 635 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 437 സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 295 കൈത്തറി സഹകരണ സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) ഇന്റഗ്രേറ്റഡ് ഹാൻഡ്ലൂം ട്രെയിനിംഗ് പ്രോജക്ടറ്റ്, ദീൻദയാൽ ഹാത്കർഘ പ്രോത്സാഹൻ യോജന എന്നീ പദ്ധതികളിലൂടെ 10615 കൈത്തറി തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly